**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 414** **01-11-2021 - ൽ മറുപടിയ്ക്ക്**

**കരിയർ സംബന്ധമായ ദിശാസൂചകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാകുന്ന മുറയ്ക്ക് കരിയർ സംബന്ധമായ സംശയങ്ങൾ ദുരീകരിക്കുന്നതിനും ദിശാസൂചകങ്ങൾക്കും പ്രത്യേക സംവിധാനമുണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർസെക്കണ്ടറി വിദ്യാഭ്യാസ - വിഭാഗത്തിൽ സ്കൂളുകളിലെ വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളായ കരിയർ ഗൈഡൻസ് & അഡോളസെന്റ് ഹെൽത്ത് കെയർ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിംഗ് സെൽ എന്ന പ്രത്യേക വിഭാഗം 2011 മുതൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ വി.എച്ച്.എസ്.ഇ വിഭാഗത്തിൽ വിദ്യാർത്ഥികൾക്ക് കരിയർ ദിശാബോധം നൽകുന്നതിന് വേണ്ടി കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ പ്രവർത്തിച്ച് വരുന്നു. |
| (ബി) | വിവിധ ഉപരിപഠന, തൊഴിൽ സാധ്യതകൾ സംബന്ധിച്ചും മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, വ്യവസായങ്ങൾ, അഭിരുചി അടിസ്ഥാനപ്പെടുത്തിയുള്ള മേഖല തെരഞ്ഞെടുക്കുന്നതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ചും വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | വിവിധ ഉപരി പഠന, തൊഴിൽ സാധ്യതകൾ സംബന്ധിച്ചും മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, വ്യവസായങ്ങൾ, അഭിരുചി അടിസ്ഥാന പ്പെടുത്തിയുള്ള മേഖല തെരഞ്ഞെടുക്കു ന്നതിന്റെ പ്രാധാന്യം, എന്നിവ സംബന്ധിച്ചും വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന പ്രത്യേക പദ്ധതി ഹയർസെക്കണ്ടറി വിഭാഗം കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിംഗ് സെൽ വഴി നടപ്പാക്കി വരുന്നു. വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഉപരിപഠന, തൊഴിൽ സാധ്യതകളെ സംബന്ധിച്ചും മാറുന്ന തൊഴിൽ സാഹചര്യങ്ങൾ വ്യവസായങ്ങൾ അഭിരുചി അടിസ്ഥാനപ്പെടുത്തിയുള്ള മേഖല തെരെഞ്ഞെടുക്കുന്നതിന്റെ പ്രാധാന്യം സംബന്ധിച്ചും വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന വിവിധ പദ്ധതികൾ വി.എച്ച്.എസ്.ഇ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. ഫെയ്സ് ടു ഫെയ്സ് വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ നേടുന്നതിനും ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഒരു സംരംഭകനെ ഉൾപ്പെടുത്തി ക്ലാസ്സ് നടത്തുക എന്നതാണ് ഈ പദ്ധതി. അതാത് കോഴ്സുമായി ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ നൈപുണ്യമുള്ള സംരംഭകനെ വിദ്യാലയങ്ങളിൽ വിളിച്ച് വരുത്തുകയും കുട്ടികളുമായി സംവാദത്തിൽ ഏർപ്പെടുകയും ചെയ്യുന്ന പരിപാടി പൊതുവെ കുട്ടികൾക്ക് പ്രചോദനം നൽകുന്ന സംവിധാനമാണ്. കരിയർ പ്ലാനിംഗ് മികച്ച വിദ്യാഭ്യാസവും തൊഴിലും നേടുന്നതിനുള്ള അവസരങ്ങളെപ്പറ്റി വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക എന്നതും ഓരോ വിദ്യാർത്ഥികളുടെയും ചുറ്റുപാടുകൾക്കനുസരണമായി കരിയർ തെരെഞ്ഞെടുക്കാൻ അവരെ പ്രാപ്തരാക്കുക എന്നതുമാണ് കരിയർ "പ്ലാനിംഗി" ന്റെ ഉദ്ദേശ്യം. കരിയർ മേഖലയിലെ വിദഗ്ധർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ